# <u>PREFACE</u>

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the Members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVII AUGUST 2017 No. 8


| | | |
|---|---|---|
| | **ARTICLES** | *page* |
| ഉഷാ എസ്. നായർ | മരണക്കളി<br>[കലാകൗമുദി, 2017 ആഗസ്റ്റ് 27] | 1-11 |
| അഡ്വ.ജെ. സന്ധ്യ | സ്ത്രീപക്ഷ നിയമങ്ങളെ അട്ടിമറിക്കുമ്പോൾ<br>[മലയാളം, 2017 ആഗസ്റ്റ് 14] | 12-17 |
| A.G. Noorani | Rape Of Article 370<br>[Frontline, 18 August, 2017 ] | 18-29 |
| Disha Nawani | Right to Education<br>[Economic & Political Weekly, 5 August, 2017 ] | 30-38 |
| | **BOOK REVIEW** | |
| Dwaipayan Sen | Ressentiment and Its Possible Futures<br>[A review of the book, ‘ Benoy Kumar Sarkar: Restoring the Nation to the World’ by Satadru Sen]<br>[Economic & Political Weekly, 5 August, 2017 ] | 39-44 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 1st Session of the Fifteenth Punjab Legislative Assembly | 45-46 |

FOCUS



# മരണക്കളി

**ഉഷാ എസ്. നായർ**

സ്കൂൾ വിദ്യാഭ്യാസം പോലുമില്ലാത്ത രാമൻ രാഘവൻ എന്ന സീരിയൽ കൊലയാളിയും ആധുനിക വിവരസാങ്കേതികവിദ്യയിലും മനഃശാസ്ത്രത്തിലും വിഹരിക്കുന്ന റഷ്യൻ യുവാവ് ഫിലിപ്പ് ബുഡെയ്ക്കിനും തമ്മലെന്ത് എന്നതൊരു ചോദ്യമാണ്. 1960 കളിൽ രാമൻ രാഘവൻ മുംബൈ നഗരത്തെ ഭയത്തിന്റെ മുൾമുനയിൽ നിർത്തിയിരുന്നു. തെരുവിലും ചെറ്റക്കുടിലുകളിലും ഉറങ്ങിയിരുന്ന ദരിദ്രരായ 41 മനുഷ്യരെയാണ് രാമൻ രാഘവൻ തലയ്ക്കടിച്ചു കൊലപ്പെടുത്തിയത്. ഒരു മനുഷ്യശരീരത്തിനുമേൽ ഏൽപ്പിക്കാവുന്ന സകല പീഡകളും പോലീസ് അയാളിൽ ഏൽപ്പിച്ചിട്ടും വാതുറക്കാതിരുന്ന രാമൻ രാഘവൻ ഒരു വിചിത്രമായ ആഗ്രഹമാണ് മുന്നോട്ടു വച്ചത്. തനിക്ക് ചിക്കൻ വിഭവങ്ങൾ വേണം. ഒരു വേദനയും ഒരു കാഴ്ചയും യാതൊരു ഭാവഭേദവും സൃഷ്ടിക്കാതിരുന്ന അയാളിൽ ചിക്കൻകറി തൃപ്തിയുണ്ടാക്കി. ഇനി ചോദിക്കൂ, പറയാം എന്നു പറഞ്ഞ് രാമൻ താൻ നടത്തിയ 41 കൊലകളെക്കുറിച്ചു വിസ്തരിച്ചു. എന്നിട്ട് അഭിമാനത്തോടെ പ്രസ്താവിച്ചു താൻ ശക്തിയുടെ പ്രതിനിധിയാണ്, നിയമം നടപ്പാക്കുകയാണ്, നിർദ്ദേശങ്ങൾ അനുസരിക്കുകയാണ്. ലോകത്തിനു വലിയൊരു സേവനം ചെയ്തപോലെയായിരുന്നു അയാളുടെ ഭാവം. മുഖാമുഖം ചെയ്ത് പിരിയാൻ നേരത്ത് മനോരോഗവിദഗ്ദ്ധർ അയാൾക്ക് ഹസ്തദാനം ചെയ്യാനൊരുമ്പെട്ടപ്പോൾ രാമൻ പറഞ്ഞു ഇല്ല ഞാൻ ഈ ദുഷ്ടലോകത്തെ ആരെയും സ്പർശിക്കില്ല. സ്കീസോഫ്രീനിയ എന്ന മനോരോഗത്തിന്റെ കടുത്ത അസ്ഥയിലായിരുന്ന രാമൻ രാഘവൻ ജയിലിൽ കിടന്നുതന്നെ മരിച്ചു.

ബ്ലൂവെയിൽ ഗെയിം എന്ന കൊലക്കളിയുടെ ഉപജ്ഞാതാവായ ഫിലിപ്പ് ബുഡെയ്ക്കിനും പറയുന്നത് താൻ ലോകം വൃത്തിയാക്കുകയാണെന്നാണ്. കൗമാരപ്രായക്കാരെ നിരന്തരം മാനസ്സിക സമ്മർദ്ദങ്ങളേൽപ്പിച്ച്, ആജ്ഞാശക്തിക്ക് അടിമപ്പെടുത്തി, അവരെ ആത്മഹത്യയിലേക്ക് എത്തിക്കുന്ന ബ്ലൂവെയിൽ ഗെയിമിലൂടെ സമൂഹത്തിന് ആവശ്യമില്ലാത്ത ജൈവ കച്ചറകളെ താൻ ഒഴിവാക്കുകയാണെന്ന പ്രസ്താവന മനോരോഗിയുടേതുതന്നെയാണ്.



സെന്റ്പീറ്റേഴ്സ്ബർഗിലെ ക്രെസ്റ്റി ജയിലിൽ ഫിലിപ്പ് കിടക്കുകയാണെങ്കിലും അയാൾ തുറന്നുവിട്ട ബ്ലൂവെയിൽ ഗെയിം എന്ന മരണക്കളി അയാളുടെ സ്വന്തം രാജ്യമായ റഷ്യയിൽ 130 പേരെ ആത്മഹത്യയിലെത്തിക്കുകയും ലോകരാജ്യങ്ങളിലെല്ലാം പ്രചരിച്ച് ഇങ്ങ് കേരളത്തിന്റെ തലസ്ഥാന നഗരിയിലെ വിളപ്പിൽശാല പഞ്ചായത്തിൽ വരെ വേരിറക്കുകയും ചെയ്തിരിക്കുന്നു. വിളപ്പിൽശാലയിലെ മനോജ് സി മനു എന്ന പ്ലസ് വൺ വിദ്യാർത്ഥി ജൂലായ് 26 ന് തൂങ്ങിമരിച്ചതിനു പിന്നിൽ ബ്ലൂവെയിൽ ഗെയിമാണെന്ന് സംശയിക്കുന്നു. മൂന്നു മാസം മുൻപ് മുതൽ തന്റെ മകൻ ബ്ലൂവെയിൽ ഗെയിം ഡൗൺലോഡ് ചെയ്തിരുന്നു എന്ന കാര്യം അമ്മ അറിഞ്ഞിരുന്നു. താൻ മരിക്കുമെന്നും മരിച്ചാൽ തന്റെ അവയവങ്ങൾ ദാനം ചെയ്യണമെന്നും കുട്ടി പറഞ്ഞിരുന്നു. ഒറ്റയ്ക്ക് എവിടെയും പോകാത്ത മകൻ രാത്രിയിൽ ശ്മശാനത്തിലും ശംഖുമുഖം കടപ്പുറത്തും പോവുകയും അസാധാരണമായ ചില പ്രവൃത്തികളിലേർപ്പെടുകയും ചെയ്തിരുന്നു എന്നും അമ്മ പറയുന്നു. നീന്തലറിയാത്ത കുട്ടി നദിയിൽ ചാടുന്നതിന്റെ ദൃശ്യങ്ങൾ സുഹൃത്തുക്കളെക്കൊണ്ട് മൊബൈലിൽ പകർത്തിക്കുകയും ചെയ്തിരുന്നു. ഇത്രയൊക്കെ അറിഞ്ഞിട്ടും തൂങ്ങിമരണത്തിൽ നിന്നും കുട്ടിയെ പിൻതിരിപ്പിക്കാനോ അവനെ കൗൺസലിങ്ങിന് വിധേയനാക്കേണ്ടതാണെന്നു ചിന്തിക്കാനോ ആ അമ്മയ്ക്കായില്ല എന്നിടത്താണ് കേരളം പാഠംപഠിക്കേണ്ടത്. കുട്ടിയുടെ ആത്മഹത്യയുടെ കാരണം ബ്ലൂവെയിൽ തന്നെയാണോ എന്ന കാര്യം പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സ്വയം പീഡനത്തിന്റെ മുറിവുകളൊന്നും ശരീരത്തിലുണ്ടായിരുന്നില്ല എന്നതും സംശയത്തിനിട നൽകുന്നുണ്ട്. കണ്ണൂരിലെ ഒരു ഐടിഐ വിദ്യാർത്ഥിയുടെ ആത്മഹത്യയ്ക്കു കാരണവും ബ്ലൂവെയിൽ ഗെയിമാണെന്ന് സംശയിക്കുന്നുണ്ട്.

## എന്തുകൊണ്ട് കുട്ടികൾ ?

രാമൻ രാഘവന്റെ ഇരകൾ ദരിദ്രരായിരുന്നു. സ്ത്രീകളും കുട്ടികളുമായിരുന്നു. മാത്രമല്ല, അവർ ഗാഢനിദ്രയിലുമായിരുന്നു. ഒരു തരത്തിലുള്ള ചെറുത്തുനിൽപ്പിനും സാധ്യമല്ലാത്ത അവസ്ഥ. ബ്ലൂവെയിൽ നടത്തിപ്പുകാർ പിടികൂടുന്നത് കൗമാരപ്രായക്കാരെയാണ്. വികാരവിചാരങ്ങൾ കെട്ടിമറിയുന്ന ഗെയിം കാലമാണത്. സാഹസികതയ്ക്കൊപ്പം പരാജയഭീതിയും



അപമാന ബോധവും വേട്ടയാടുന്നൊരു കാലം. അവരെയാണ് സൈബർ ലോകത്ത് പതിയിരിക്കുന്ന രാമൻ രാഘവൻമാർ തലയ്ക്കടിച്ചു വീഴ്ത്തുന്നത്. തന്റെ 12 വയസ്സുകാരി മകളുടെ ആത്മഹത്യയ്ക്കു പിന്നിലെ ദുരൂഹത അന്വേഷിച്ചിറങ്ങിയ റഷ്യക്കാരി അമ്മയാണ് ആദ്യമായി ഈ മരണസംഘത്തെ കണ്ടെത്തിയത്. ലോകത്തിലെതന്നെ ഏറ്റവും പ്രചാരം നേടിയ വി കോൺടാക്ട് (v kontakte) എന്ന സോഷ്യൽ നെറ്റ് വർക്കിലാണ് ഈ കൂട്ടർ പതിയിരുന്നത്. "സൈലന്റ് ഹൗസ്", "സീ ഒഫ് വെയിൽസ്","# *f* 57", എന്നീ പേരുകളിലും മരണം വിതയ്ക്കുന്ന ഓൺലൈൻ ഗ്രൂപ്പുകൾ പ്രവർത്തിച്ചിരുന്നു. കുട്ടികളെ ഏതെങ്കിലും വിധത്തിൽ മരണത്തിലേക്കു തള്ളിവിടുന്ന 1500ലേറെ ഗ്രൂപ്പുകളെ കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. അവരുടെ സൈറ്റുകളിൽ ജീവിതത്തിന്റെ നിരർത്ഥകതയെ കുറിക്കുന്ന ഉദ്ധരണികളും അത്തരം ഗാനങ്ങളും നിറച്ചുവച്ചിരുന്നു.

ബോധത്തെ കർമ്മത്തിൽ നിന്നും വേർപെടുത്താനുതകുന്ന പലതരം കടമ്പകളും മാർഗ്ഗങ്ങളും ഉപയോഗിച്ച് കുട്ടികളെ ഒരുതരം അബോധാവസ്ഥയിലെത്തിച്ച് അവരെ പൂർണ്ണമായി അടിമപ്പെടുത്തി ആത്മഹത്യ നിർദ്ദേശിക്കുകയും ചെയ്യുമ്പോൾ യാതൊരു ചെറുത്തുനിൽപ്പുമില്ലാതെ അവർ അതനുസരിക്കുകയുമാണ്. തീവ്രവാദികളും ഇതേരീതിയാണ് ഉപയോഗപ്പെടുത്തുന്നത്. ബോധത്തെ കർമ്മത്തിൽ നിന്ന് വിഘടിപ്പിച്ചുകൊണ്ട് ഒരു കുരുന്നുബാലനെ കൊണ്ടുപോലും അരുംകൊല ചെയ്യിക്കാമെന്ന് അവർക്കറിയാം. ബോധത്തോടെ ഒരു പ്രവൃത്തി ചെയ്യുമ്പോൾ, തന്റെ മുന്നിലുള്ള നിരപരാധിയെ വധിക്കാനോ സ്വയംഹത്യ നടത്താനോ സാധ്യമാകാത്ത തരത്തിൽ മനഃസാക്ഷി ഉണർന്നു പ്രവർത്തിക്കും. അരുത്, അതല്ല വഴി എന്ന് ഉള്ളിലിരുന്നുകൊണ്ട് ആരോ മന്ത്രിക്കും. അതിനെ ബോധമെന്നോ ഈശ്വരനെന്നോ വിളിക്കാമെന്നു മാത്രം. ആ ബോധത്തെ വിഘടിപ്പിക്കുകയാണ് കൃത്യമായ ശൈലിയിലൂടെ അവർ. മനുഷ്യമനസ്സുകളെ തടവിലാക്കുന്നതിൽ മരണക്കളിക്കാരെക്കാൾ വിജയിക്കുന്നത് തീവ്രവാദികളാണ്. വിദ്യാസമ്പന്നരായ ലക്ഷക്കണക്കിനു യുവാക്കളെയും കൗമാരക്കാരെയും ഇന്റർനെറ്റിന്റെ സഹായത്തോടെ തങ്ങളുടെ ശ്രേണിയിലെത്തിക്കാനുള്ള അനേകം മാർഗ്ഗങ്ങൾ അവർക്കുണ്ട്. ഇന്റർനെറ്റ് ഗ്രൂപ്പുകൾ സൃഷ്ടിച്ച വിധ്വംസക



സന്ദേശങ്ങളും രാഷ്ട്രവിരോധവും നിരന്തരം പകർന്നുകൊടുക്കുകയും മതഗ്രന്ഥങ്ങളെ തങ്ങൾക്കനുകൂലമായ രീതിയിൽ വ്യാഖാനിച്ചു കൊടുക്കുകയും ചെയ്യുന്നു. അഫ്ഗാനിസ്ഥാനിലെയും പാകിസ്ഥാനിലെയും താലിബാൻ മാതൃക സ്വീകരിച്ച് നൈജീരിയയിൽ പ്രവർത്തിക്കുന്ന ബൊക്കോഹറാം എന്ന ഭീകരസംഘടനയും ലക്ഷ്യമാക്കുന്നത് കുട്ടികളെയാണ്. കുട്ടികളെ മസ്തിഷ്ക പ്രക്ഷാളനം ചെയ്ത് അവരെക്കൊണ്ട് കൊടുംക്രൂരതകൾ ചെയ്യിക്കാൻ എളുപ്പമാണെന്ന് അവർക്കറിയാം. എടുത്താൽ പൊങ്ങാത്ത എ.കെ.47 തോക്കും ശരീരത്തിൽ വച്ചു കെട്ടി സ്ഫോടക വസ്തുക്കളുമായി കൊലയാളി വേഷത്തിൽ കുട്ടികൾ നിരന്നു നിൽക്കുന്ന ദൃശ്യങ്ങൾ മനുഷ്യമനഃസ്സാക്ഷിയെ മരവിപ്പിക്കുന്നു. ഇത്തരം ഗ്രൂപ്പുകളെയും ബ്ലൂവെയിൽ പോലെയുള്ള സൈബർ കൊലക്കളികളേയും നിരോധിക്കുക സുസാദ്ധ്യമല്ല എന്നതാണ് സത്യം. സാമൂഹികവും സാമ്പത്തികവും മാനസ്സികവുമായ അരികുജീവിതങ്ങൾ നയിക്കുന്ന ഇളംപ്രായക്കാരാണ് ബ്ലൂവെയിൽ ഗെയിം പോലുള്ള കെണിയിൽ അധികവും ചെന്നുവീഴുന്നത്. സാഹസികത ഇഷ്ടപ്പെടുന്നവരും ഇതിൽ എത്തിപ്പെടാം. അതുപോലെതന്നെ അന്തർമുഖരായവർ തങ്ങൾക്കും ചില ധീരകൃത്യങ്ങൾ ചെയ്യാനാവും എന്ന് സ്വയം ബോധ്യപ്പെടുത്താനും ഇത്തരം ഗെയിമുകളിൽ കുടുങ്ങാറുണ്ട്.

## എന്താണ് ബ്ലുവെയിൽ ഗെയിം ?

കരയ്ക്കടിഞ്ഞ നീലത്തിമിംഗലത്തിന്റെ പ്രകൃതം എന്നാണ് ബ്ലൂവെയിൽ എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. ആത്മഹത്യ എന്ന സൂചനയും അതു നൽകുന്നു. ഇറ്റുശ്വാസത്തിനായി കരയിൽ കിടന്നു പിടയ്ക്കുന്ന മത്സ്യം! കൊലക്കളിയിൽപ്പെട്ട് മരണത്തിലേക്കടുക്കുന്ന കൗമാരക്കാരനെ ഇതിനെക്കാൾ മെച്ചമായി അവർക്കെങ്ങനെ വരച്ചുകാട്ടാനാവും. റഷ്യയിലെ ഒരു സർവ്വകലാശാലയിൽ നിന്നും പുറത്താക്കപ്പെട്ട മനഃശാസ്ത്ര വിദ്യാർത്ഥി ഫിലിപ്പ് ബുഡേയ്ക്കിനാണ് ഈ മരണക്കളി വിഭാവന ചെയ്തതെന്ന് സൂചിപ്പിച്ചുവല്ലോ. 2013 ൽ "# f57", എന്ന മരണസംഘത്തിന്റെ പേരിൽ vkontakte എന്ന സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റിലൂടെയാണിത് പണി ആരംഭിച്ചത്. പതിനാറ് കുമാരിമാരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടു എന്ന കുറ്റം ചുമത്തിയാണ് ഫിലിപ്പിനെ



ജയിലിലടച്ചത്. റഷ്യയിൽ ആകെയുണ്ടായ മരണം 130. ലോകത്തിൽ ഏറ്റവും കൂടുതൽ കൗമാരക്കാർ ആത്മഹത്യ ചെയ്യുന്ന രണ്ടാമത്തെ രാജ്യം റഷ്യയാണുതാനും കൗമാരക്കാർ ഏർപ്പെടുന്ന ഈ മരണക്കളിയുടെ വാർത്ത പുറത്തുവന്നതോടെ ലോകത്തിന്റെ ഉത്കണ്ഠയായി ബ്ലൂവെയിൽ ഗെയിം മാറുകയായിരുന്നു. ലോകത്തിന്റെ സകല ഭാഗത്തുനിന്നും ഏതാനും കുട്ടികളെങ്കിലും ഇതിന്റെ പേരിൽ മരണം വരിച്ചതായി റിപ്പോർട്ടുണ്ടായി. അതു തുടരുകയും ചെയ്യുന്നു. എന്നാൽ ഈ കളിയിൽ കുടുങ്ങിത്തന്നെയാണോ യഥാർഥത്തിൽ മരണം സംഭവിച്ചതെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു എന്നും പറയുന്നവരുണ്ട്. ഇറ്റലിയിലെ ഒരു പത്രപ്രവർത്തകനായ പൗലോ അറ്റിവിസ്സിമോ കുറിക്കുന്നതുപോലെ “ സെൻസേഷണൽ പത്ര പ്രവർത്തനത്തിലൂടെ ഒരു മരണകഥ പെരുപ്പിച്ചുകാട്ടുകയാണ് ” എന്നതും ആലോചിക്കേണ്ടതാണ്. ബ്ലൂവെയിൽ ഗെയിമിന്റെ വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞു തുടങ്ങിയപ്പോൾ 2000ത്തിലധികം പേർ കേരളത്തിൽ അത് ഡൗൺലോഡ് ചെയ്തതായി അറിയുന്നു.

ലളിതമായി സഹകരിപ്പിച്ച് ക്രൂരമായി പര്യവസാനിപ്പിക്കുന്ന കളിയാണ് ബ്ലൂവെയിൽ ഗെയിം. നല്ല തിളച്ച വെള്ളത്തിലേക്ക് ഒരു തവളയെ എടുത്തിട്ടാൽ അത് പൊടുന്നനെ പാത്രത്തിൽ നിന്നും ചാടി വെളിയിൽ പോകും എന്നാൽ തവള കിടക്കുന്ന വെള്ളം സാവധാനം ചൂടാക്കുകയാണെങ്കിൽ ഊഷ്മാവ് ഉയരുന്നതറിയാതെ അത് വെന്ത് ചാവും. ബ്ലൂവെയിൽ ഗെയിമിന്റെ ശൈലിയും ഇതാണെന്നു പറയാം. ഒരു കൗതുകം, ഒരു ആവേശം- ഇതൊക്കെയും മനസ്സിലേറ്റി കളിക്കാൻ സൈൻഅപ് ചെയ്യുമ്പോൾ വെള്ളം പതിയെ ചൂടായിത്തുടങ്ങും. ഇതൊരു മരണക്കളിയാണെന്നും ആരംഭിച്ചാൽ പിന്നോക്കം പോകാനാവില്ലെന്നും കളിക്ക് തയ്യാറാണോ എന്നും കളി നടത്തിപ്പുകാരൻ (അഡ്മിനിസ്ട്രേറ്റർ, ക്യൂറേറ്റർ) ആദ്യം തന്നെ ചോദിക്കുന്നുണ്ട്. കളിയുടെ അവസാനം ആത്മഹത്യ ചെയ്തേ തീരൂ എന്ന നിയമവും കുട്ടിയെ അറിയിക്കുന്നുണ്ട്. ഞാൻ തയ്യാർ, കളി തുടങ്ങാം എന്ന് കുട്ടി ടൈപ്പ് ചെയ്തുകഴിഞ്ഞാൽ പിന്നെ സംഘം അവന്റെ ജീവിതരേഖ മുഴുവൻ ഊറ്റിയെടുക്കുകയായി. പഠിക്കുന്ന ഇടം, വീട്, അവനിടപെടുന്ന സോഷ്യൽ മീഡിയ സൈറ്റുകൾ, അവന്റെ അഭിരുചികൾ തുടങ്ങി പരസ്യമായതും രഹസ്യമായതും എല്ലാം അവനിൽ നിന്നുതന്നെ ചോദിച്ചറിയും. പച്ചവെള്ളം



അതാ നന്നായി ചൂടായിത്തുടങ്ങി. താരതമ്യേന സരളങ്ങളായ ടാസ്ക്കുകൾ ചെയ്യാൻ കുട്ടിയോടു ആദ്യം നിർദ്ദേശിക്കുന്നു. അഡ്മിൻ അയച്ചുകൊടുക്കുന്ന പ്രത്യേകതരം ഗാനങ്ങൾ കേൾക്കുന്നതിൽ തുടങ്ങി 50 കർശന കർമ്മങ്ങൾ (tasks) അനുഷ്ഠിക്കാൻ കുട്ടി വിധിക്കപ്പെടുന്നു. മധ്യപ്രദേശിലെ ഇൻഡോറിൽ ചമാലി ദേവി പബ്ളിക് സ്കൂളിൽ 8-ാം തരത്തിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർഥി തന്റെ സ്കൂൾ ഡയറിയിൽ തനിക്കായി അഡ്മിൻ വച്ചുതന്ന 50 ടാസ്ക്കുകളെക്കുറിച്ച് വിശദമായി എഴുതിവച്ചിരുന്നു. ഒടുവിലത്തെ കളിക്കായി സ്കൂളിന്റെ ബഹുനിലമന്ദിരത്തിന്റെ മുകളിൽ നിന്ന് ചാടാനൊരുമ്പെടുമ്പോഴാണ് കൂട്ടുകാർ അവനെ രക്ഷിച്ചത്. ആ 50 നിർദ്ദേശങ്ങളിൽ പ്രധാനം "# *f* 57 "എന്ന് കൈവണ്ണയിൽ കോറിയിട്ട് അതിന്റെ ഫോട്ടോ അയച്ചുകൊടുക്കുകയായിരുന്നു. നിർദ്ദേശിക്കപ്പെട്ട ഏതു ജോലിയും പൂർത്തിയാക്കിയതിന്റെ ദൃശ്യരേഖ അഡ്മിന് കർശനമായും ലഭിച്ചെങ്കിൽ മാത്രമേ അടുത്ത ജോലി ഏൽപ്പിക്കുകയുള്ളൂ. 50 ദിവസം കൊണ്ട് പൂർത്തിയാക്കേണ്ട കളിയിൽ പ്രധാനമായി ചെയ്യേണ്ടവ ശരീരത്തിലും ചുണ്ടിലും മുറിവേൽപ്പിക്കുക, തിമിംഗലമാവാൻ തയ്യാറുണ്ടോ എന്ന ചോദ്യത്തിന് 'Yes' എന്ന് കാലിൽ ബ്ലേഡ് കൊണ്ട് വരയുക, തയ്യാറായിട്ടില്ലെങ്കിൽ അതിനുള്ള ശിക്ഷയായി പലതവണ സ്വയം മുറിവേൽപ്പിക്കുക, വെളുപ്പിന് 4.20 ന് ഉണർന്ന് പുരപ്പുറത്ത് (അയൽപ്പക്കത്തെയാണെങ്കിൽ ഏറെ നന്ന്) കയറി നിൽക്കുക; കൈത്തണ്ടയിൽ തിമിംഗലത്തിന്റെ രൂപം ബ്ലേഡ് കൊണ്ട് വരയുക, അഡ്മിൻ അയച്ചുനൽകുന്ന പ്രേതസിനിമകൾ നിരന്തരം കാണുക, ഉയരമുള്ള കെട്ടിടത്തിന്റെ പാരപ്പറ്റിൽ കയറിയിരുന്ന് കാലുകൾ ആട്ടുക, സ്കൈപ്പ് വഴി മറ്റു തിമിംഗലങ്ങളോടു സംസാരിക്കുക, വെളുപ്പിന് 4.20 ന് റെയിൽപാളത്തിലൂടെ പോവുക, ദിവസം മുഴുവൻ മൗനം ഭജിക്കുക ഇങ്ങനെ കളികൾ മുന്നേറുമ്പോൾ ഏതു ദിവസമാണ് ആത്മഹത്യ ചെയ്യേണ്ടതെന്ന വിവരം അഡ്മിൻ അറിയിക്കുന്നു. അവസാന ദിവസങ്ങളിൽ ശരീരത്തിൽ നിരന്തരം ക്ഷതമേൽപ്പിക്കാനുള്ള നിർദ്ദേശമുണ്ടാകുന്നു. അവസാനത്തെ നിർദ്ദേശമായിരുന്നു ബഹുനില കെട്ടിടത്തിന്റെ മുകളിൽ നിന്നും ചാടി മരിക്കുക എന്നത്. ഏതെങ്കിലും ഘട്ടത്തിൽ വാക്കു പാലിക്കാതെ കുട്ടി പിൻവാങ്ങാൻ തുടങ്ങിയാൽ ഭീഷണി ഉയരുകയായി. കുട്ടിയുടെ സകല ചുറ്റുപാടുകളും അറിയുന്നതിനാൽ തങ്ങളുടെ സംഘാംഗങ്ങൾ



കുട്ടിയെ തേടിവരുമെന്ന മുന്നറിയിപ്പുണ്ടാകുമ്പോൾ പിന്നെ മരണത്തെ ആശ്ലേഷിക്കാതെ മറ്റൊരു മാർഗ്ഗവുമില്ലെന്ന് പാവം കുഞ്ഞുങ്ങൾ ധരിച്ചുപോകുന്നു. എല്ലാ പ്രതിരോധങ്ങളും അവസാനിപ്പിച്ച് കരയ്ക്കടിഞ്ഞ മത്സ്യം പോലെ അവൻ മരണത്തിലേക്കു പോകുന്നു. ബ്ലൂവെയിൽ ഗെയിം പോലെയുള്ള പല മരണക്കളികളും ഇപ്പോൾ ഇന്റർനെറ്റിൽ ഉയർന്നുവരുന്നുണ്ട്. 'ഹ്യൂമൻ എംബ്രോയ്ഡറി' എന്ന ചൈനീസ് കളി ഉദാഹരണമാണ്. 1960 കളിൽ മുംബൈ നഗരം ഒരു കൊലയാളിയുടെ വരവിനെ ഭയപ്പെട്ടിരുന്നതുപോലെ 2017 ൽ ലോകം ഈ മരണദൂതനെ ഭയപ്പെടുകയാണ്. രാത്രിയുടെ മറവിലെവിടെയോ നിന്ന് ഭാരിച്ച ദണ്ഡുമായി ഒരു കൊലയാളി പതിയിരിക്കുന്നു എന്ന വിറയലിനു തുല്യമാണ് ആകാശവീഥിയിലെങ്ങോ ഒരു കൊലയാളി തങ്ങളുടെ കുഞ്ഞുങ്ങളെ കൊല്ലാൻ പതിയിരിക്കുന്നു എന്ന ഭയം. യു.എസ്സിലെയും വിളപ്പിൽശാലയിലെയും അമ്മമാർ ഒരു പോലെ ഭയക്കുന്ന ഈ സൈബർ കുറ്റവാളികളെ സാങ്കേതിക വിദഗ്ദ്ധർ വിചാരിച്ചാലും ഇല്ലാതാക്കാൻ സാധിക്കുകയില്ല. പ്ലേസ്റ്റോറിലൂടെയോ ആപ്പ് സ്റ്റോറിലൂടെയോ ഡൗൺലോഡ് ചെയ്തെടുക്കുന്ന ഗെയിമല്ല അത്. അതുകൊണ്ടുതന്നെ കേരള സർക്കാർ വിചാരിച്ചാലും ഒരു പരിധിക്കപ്പുറം ഇന്റർനെറ്റ് കുറ്റകൃത്യങ്ങൾക്ക് തടയിടാൻ സാധ്യമല്ല. ഉള്ള് ചതഞ്ഞിരിക്കുന്ന കൗമാരക്കാരെ പരപീഡകരായ, വ്യക്തിത്വവൈകല്യമുള്ള കുറ്റവാളികൾ സൈബർ ലോകത്തിരുന്നുകൊണ്ട് തട്ടിക്കളിക്കുകയാണ്; പൂച്ച എലിയെ കളിപ്പിച്ച് കൊല്ലു ന്നതുപോലെ.

ബ്ലൂവെയിൽ ഗെയിമിൽ ആത്മഹത്യകൾ ഉണ്ടാകുന്നു എന്നതുകൊണ്ടാണ് വല്ലാതെ വേവലാതികൾ ഉയരുന്നത്. ഇന്റർനെറ്റിലൂടെ വരുന്ന മറ്റനേകം അധമ പ്രവൃത്തികളിൽ ആകൃഷ്ടരായി സമൂഹത്തിന് ദുരന്തം വിതയ്ക്കുന്നവരെക്കു റിച്ചു വേവലാതിയുണ്ടാകേണ്ടതാണ്. തിരുവനന്തപുരത്ത് നന്തൻകോട് കാഡൽ ജിൻസൺ രാജ എന്ന യുവാവ് തന്റെ 4 കുടുംബാംഗങ്ങളെ ഒറ്റയടിക്കു കൊന്നത് ഇന്റർനെറ്റ് നൽകിയ പാഠങ്ങൾ പഠിച്ചായിരുന്നു. ആസ്ട്രൽ പ്രൊജക്ഷൻ എന്ന വിദ്യ വർഷങ്ങളായി പരിശീലിച്ച താൻ അവരുടെയൊക്കെ ആത്മാവിനെ ശരീരത്തിൽ നിന്ന് മോചിപ്പിച്ച് അവരെ രക്ഷിക്കുകയായിരുന്നു എന്നാണ് പറഞ്ഞത്. ഡാർക്ക് നെറ്റിൽനിന്ന് ഉൾക്കൊണ്ട സാത്താൻ ആരാധനാപാഠങ്ങൾ ! കൊലയ്ക്കുപയോഗിച്ച മഴു വാങ്ങിയതും ഓൺലൈനിലൂടെയായിരുന്നു.



പോലീസാകട്ടെ പിതാവിനോടുള്ള പകയാണ് കൊലയ്ക്കു കാരണമെന്ന് എഴുതിത്തള്ളി ആ മേഖലയിലേക്ക് പോകേണ്ടിയിരുന്ന അന്വേഷണം അടച്ചുകളഞ്ഞു.

## നിരോധനം സുസാദ്ധ്യമോ ?

കുറ്റകൃത്യങ്ങളുടെയും ലൈംഗിക വ്യാപാരങ്ങളുടെയും ഒരു അധോലോകം ഇന്റർനെറ്റിന്റെ ഭാഗമായുണ്ട്. ഇതിനെയാണ് ഡീപ് ഡീപ് വെബ്, ഡാർക് വെബ് എന്നൊക്കെ വിളിക്കുന്നത്. യാഹു, ഗൂഗിൾ തുടങ്ങിയ സെർച്ച് എൻജിനുകൾ കൊണ്ട് പ്രവേശിക്കാനാകാത്ത ഗുപ്തമായ മേഖലയാണത്. ഈ ഇരുണ്ട ലോകത്തിൽ മയക്കുമരുന്ന് വ്യാപാരത്തിന്റെയും ആയുധക്കച്ചവടത്തിന്റെയും ഭീകരപ്രവർത്തനങ്ങളുടെയും തുടങ്ങി സകല കുറ്റകൃത്യങ്ങളുടെയും ഇടപാടുകൾ നടക്കുന്നു. രഹസ്യാന്വേഷണവിഭാഗത്തിന്റെയും എൻഫോഴ്സ്മെന്റ് ഏജൻസികളുടെയും സൂക്ഷ്മ നിരീക്ഷണത്തിൽ നിന്നുപോലും അത് മറഞ്ഞു നിൽക്കുന്നു. നൂറായിരം അടരുകളിലേക്ക് വ്യാപിച്ചുകിടക്കുന്ന സെർവറുകളുടെ ഈ ലോകത്തിൽ കടന്നുകയറി ഇവയൊക്കെ നിയന്ത്രിക്കുക അസാദ്ധ്യമാണ്. ഒരു മഞ്ഞുമലയോടാണ് ഇന്റർനെറ്റിനെ ചിലർ താരതമ്യം ചെയ്യുന്നത്. ഉപരിതലത്തിൽ നാം വ്യാപരിക്കുന്ന ക്ലിയർ നെറ്റിന്റെ അധികം മടങ്ങ് ആണ്ടുകിടക്കുകയാണ് ഡാർക്ക്നെറ്റ്. അവിടെ നിന്നൊക്കെ അജ്ഞാത സെർവറുകളിലൂടെ കടന്നെത്തുന്ന ഗെയിമുകളെ നിയന്ത്രിക്കുക അസാദ്ധ്യം. ഗൂഗിൾ, യാഹു, വാട്ട്സ് ആപ്പ്, മൈക്രോസോഫ്റ്റ്, ഫേസ്ബുക്ക് തുടങ്ങിയ ഇന്റർനെറ്റ് സർവീസുകളോട് കളിയുടെ ലിങ്ക് വിച്ഛേദിക്കാൻ ആവശ്യപ്പെടാമെന്നു മാത്രം. ഒരു സെർവർ നിർത്തിവച്ചാൽ മറ്റൊന്നിൽ നിന്ന് മരണക്കളികളോ കുറ്റകൃത്യങ്ങളോ ആരംഭിക്കും. 50 ദിവസത്തെ കളിയുടെ സ്വഭാവമായിരിക്കില്ല മറ്റൊരു പേരിലെ കളിക്ക്. ബ്ലൂവെയിൽ ഗെയിമിനെക്കാൾ അപകടകാരികളായ കൊലയാളിക്കളികളിലേക്ക് ഡാർക് വെബിന്റെ നീരാളിക്കൈകൾ നമ്മുടെ കൗമാരങ്ങളെയും യുവജനങ്ങളെയും കൊളുത്തിവലിച്ചെടുത്ത് മയക്കുമരുന്നിന്റെയും ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഭീകരപ്രവർത്തനത്തിന്റെയും ഏജന്റുമാരോ, പങ്കാളികളോ ആക്കിത്തീർത്തേക്കാം.



അമൃത് അന്വേഷിച്ച് പാലാഴി കടഞ്ഞുചെന്നപ്പോൾ കാളകൂടം ലഭിച്ചു എന്നത് കവിഭാവന മാത്രമല്ല, ഇന്റർനെറ്റിന്റെ ലോകത്ത് അത് സത്യമാകുന്നു. ദ ഒണിയൻ റൂട്ടർ (TOR) എന്ന രഹസ്യ ബ്രൗസിങ് സംവിധാനമുപയോഗിച്ച് അനേകം അടരുകളിലൂടെ പോകുമ്പോൾ അധോലോക സൈറ്റുകളിലെത്താവുന്നതാണ്. സ്വയം വെളിപ്പെടാതെ, നിയമങ്ങളുടെ നിരീക്ഷണത്തിൽ നിന്നും മറഞ്ഞിരുന്നുകൊണ്ട് ഏത് അധമപ്രവൃത്തികൾക്കും കൈകൊടുക്കാം. സിൽക് റോഡ് എന്ന ഓൺലൈൻ കരിഞ്ചന്തയിൽ 'ബിറ്റ്കോയിൻ' എന്ന ഡിജിറ്റൽ കറൻസി ഉപയോഗിച്ച് ഇടപാടുകൾ നടത്താം. ബാഹ്യലോകത്ത് വലിയ ആദരവ് നേടുന്ന വ്യവസായ പ്രമുഖരോ രാഷ്ട്രീയ നേതാക്കളോ ഇതിൽ പങ്കാളികളാകാം. ഡാർക്ക് വെബ്ബിൽ വിൽക്കപ്പെടുന്ന ചൈൽഡ് പോർണോഗ്രഫിയുടെ പ്രധാന ഉൽപ്പാദനകേന്ദ്രം ഇന്ത്യയാണത്രെ. ഇതുൾപ്പെടെയുള്ള അശ്ലീല സൈറ്റുകൾക്കുവേണ്ടി ദൃശ്യങ്ങൾ പകർത്തുന്ന വലിയൊരു റാക്കറ്റുതന്നെ പ്രവർത്തിക്കുന്നുണ്ട്. കോടികൾ മറിയുന്ന ഈ വ്യവസായത്തിന്റെ ചുക്കാൻ പിടിക്കുന്നത് സമൂഹത്തിലെ സദാചാര വാദികളോ ഉന്നത കലാകാരന്മാരോ ആയിക്കൂടെന്നില്ല. ചലച്ചിത്ര നടിമാരുടെ അശ്ലീല വീഡിയോകൾ എടുക്കുന്നത് ബ്ലാക്മെയിലിങ് നടത്താൻ മാത്രമാണോ എന്ന് സംശയിക്കേണ്ടതുണ്ട്. അതിന്റെ ഇടപാടുകൾ ഡാർക് വെബുകളിലൂടെയാവാം. നിയമത്തിന്റെ ഹസ്തങ്ങൾ നീണ്ടുചെല്ലാത്ത ആ ഗുപ്തലോകം ഒരു വ്യവസ്ഥിതിയാണ്. അവിടെ ഒരു പാട് ദാവൂദുമാർ കൈകോർത്ത് നിൽക്കുന്നുണ്ട്. രാജ്യം എങ്ങനെ, ആരു ഭരിക്കണമെന്നുപോലും തീരുമാനമെടുക്കാൻ ശക്തിയുള്ളവരുടെ ലോകത്തെ ഇല്ലാതാക്കാൻ ശാസ്ത്രജ്ഞർ തുനിഞ്ഞാൽപ്പോലും സാദ്ധ്യമാവുകയില്ല.

### അംബാനിയുടെ ഫോൺ

1500 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചുകൊണ്ട് ഭാരതത്തിലെ സകലമാനപേർക്കും 4ജിയുടെ സ്മാർട്ട് ഫോണുകൾ അംബാനി നൽകാൻ പോവുകയാണ്. വലിയ വിപ്ലവം എന്ന് ഘോഷിക്കുമ്പോൾത്തന്നെ സൈബർ കുറ്റകൃത്യങ്ങൾ പതിന്മടങ്ങു വർദ്ധിക്കുമെന്ന കാര്യം ഉറപ്പാണ്. അപകീർത്തികരങ്ങളായ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചുകൊടുത്തും



പരസ്യപ്പെടുത്തിയും ശത്രുവിനെ മാനസ്സികമായി തകർത്ത് തരിപ്പണമാക്കുന്ന പണി പതിന്മടങ്ങ് വർദ്ധിക്കും. വിരൽസ്പർശത്താൽ തുറന്നുവരുന്ന അശ്ലീല സൈറ്റുകൾ ഇപ്പോൾത്തന്നെ വലിയ അപരാധങ്ങൾ ക്ഷണിച്ചുവരുത്തുന്നുണ്ട്. ഇന്റർനെറ്റുപയോഗിച്ചു നടത്തുന്ന സൈബർ ബുള്ളിയിങ്, ട്രോളിങ് തുടങ്ങിയ പദങ്ങൾ ഇനി അക്ഷരാഭ്യാസമില്ലാത്തവർക്കുപോലും സുപരിചിതമാകാം. അശ്ലീല സൈറ്റുകളും ചൈൽഡ് പോർണോഗ്രഫി സൈറ്റുകളും നിരോധിക്കാൻ സർക്കാരിന് സാധിക്കുന്നതാണ്. അമ്മയെയും പെങ്ങളെയും തിരിച്ചറിയാത്ത രീതിയിൽ നടക്കുന്ന പീഡനങ്ങളുടെ പ്രഭവകേന്ദ്രം സ്മാർട്ട്ഫോണിലെ കാഴ്ചകളാണ്. കുട്ടികൾക്കു പോലും അതു പ്രാപ്യമാകുന്നു എന്നത് ബ്ലൂവെയിൽ ഗെയിമിനെക്കാൾ അപകടകരമാണ്. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമാണിത്.

## എന്തു ചെയ്യാം ?

ധർമ്മാധർമ്മങ്ങളുടെ ഈ വിചിത്ര ലോകത്തിൽ ഓരോരുത്തരുടെയും മനസ്സെങ്ങനെ രൂപപ്പെടുന്നു എന്നതാണ് പ്രധാനം. ഒരു കൗതുകമോ അശ്രദ്ധയോ ഒരുവന്റെ ജീവിതം അപ്പാടെ മാറ്റിമറിക്കുന്നൊരു കാലത്തെയാണ് സൈബർ ബുദ്ധിജീവികൾ സൃഷ്ടിച്ചിരിക്കുന്നത്. സാമൂഹിക മാധ്യമങ്ങളിലൂടെ കുട്ടികൾ പങ്കുവയ്ക്കുന്നതെന്തൊക്കെയാണെന്ന് നിരീക്ഷിക്കാനും അവരുടെ പെരുമാറ്റങ്ങളെയും സുഹൃത്തുക്കളെയും മനസ്സിലാക്കാനും കഴിഞ്ഞില്ലെങ്കിൽ അഥവാ അതിനു മനസ്സും നേരവും മാറ്റിവച്ചില്ലെങ്കിൽ തന്റെ കുട്ടിയെ തിമിംഗലം കൊണ്ടുപോയി എന്ന് നിലവിളിച്ചിട്ട് കാര്യമില്ല. 50 ദിവസം നീളുന്ന ഒരു കളിയിൽ പാതിരാത്രിയിലും വെളുപ്പാൻകാലത്തും കുട്ടികൾ മുഴുകുമ്പോൾ അതു കണ്ടുപിടിക്കുക വലിയ വിഷമമുള്ള കാര്യമല്ല. നിരന്തരം ഗെയിമിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടിയിൽ അതിന്റെ ലക്ഷണങ്ങൾ പ്രകടമായിരിക്കും. ചുമന്ന് വീർത്ത കണ്ണുകൾ, കറുത്ത കൺതടങ്ങൾ, കൈത്തണ്ടയിലോ മറ്റു ശരീരഭാഗങ്ങളിലോ മുറിവിന്റെ പാടുകൾ, ഏകാകിയായിരിക്കാനുള്ള വാസന, മുറിയിൽ കയർ, തുണി, തുടൽ തുടങ്ങിയ വസ്തുക്കളുടെ സാന്നിധ്യം ഇതൊക്കെ മരണക്കളിയിൽ പങ്കെടുക്കുന്നതിന്റെ അടയാളങ്ങളാണ്. പല രാജ്യങ്ങളിലും ബ്ലൂവെയിൽ ഗെയിമിൽ നിന്നും കുട്ടികളെ പിൻതിരിപ്പിക്കാനുള്ള പദ്ധതികൾ



ഏർപ്പാടാക്കിയിട്ടുണ്ട്. ബ്രസീലിൽ ബ്ലൂവെയിലിനെതിരെ പിങ്ക് വെയിൽ എന്നൊരു പ്രസ്ഥാനം രൂപം കൊണ്ടിട്ടുണ്ട്. കൗമാരക്കാരിലെ നൈരാശ്യവും സങ്കടങ്ങളും മറികടക്കാനും അവർക്ക് ജീവിതത്തിന്റെ വില അറിയിച്ചുകൊടുക്കാനും പിങ്ക് വെയിലിൽ നൂറുകണക്കിനു സന്നദ്ധ സേവകർ പ്രവർത്തിക്കുന്നു. ഫേസ്ബുക്കിലൂടെയും ഇൻസ്റ്റാഗ്രാം പേജിലൂടെയും ഇത് പ്രചരിപ്പിച്ചുവരുന്നു. ബ്ലൂവെയിലുമായി ബന്ധപ്പെടുത്താതെ, 50 ദിവസം നീണ്ടുനിൽക്കുന്ന വെല്ലുവിളികൾ നിറഞ്ഞ പോസിറ്റീവ് ടാസ്ക്കുകൾ കൊടുത്തുകൊണ്ടുള്ള ഒരു സംരംഭം യു.എസ്സിൽ ഉണ്ടാക്കിയിരിക്കുന്നു. നവ്യമായ ഒരു സംരംഭം കേരളത്തിലും ആരംഭിക്കേണ്ടതാവശ്യമാണ്.

ഇന്റർനെറ്റിന്റെ സദുപയോഗങ്ങളെ കടത്തിവെട്ടുന്നതരത്തിൽ ദുരുപയോഗങ്ങളും അതിന്റെ ദുരന്തങ്ങളും ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആധുനിക ലോകം ഏറ്റവും ആശ്രയിക്കുന്ന അതേ സാങ്കേതിക വിദ്യ മനുഷ്യസമൂഹത്തെ ദുർബലപ്പെടുത്തുകയും ഭീതിയിലാഴ്ത്തുകയുമാണ്. അധമവാസനകളും വിധ്വംസക പ്രവർത്തനങ്ങളും സ്വാധീനിക്കാനാകാത്ത ആരോഗ്യമുള്ള മനസ്സു നേടിയെടുക്കുകയാണ് അതിജീവനത്തിനുള്ള മാർഗം.

**കലാകൗമുദി**

**ആഗസ്റ്റ് 2017**

FOCUS



# സ്ത്രീപക്ഷ നിയമങ്ങളെ അട്ടിമറിക്കുമ്പോൾ

**അഡ്വ.ജെ.സന്ധ്യ**

സ്ത്രീകൾ അവർക്കായുള്ള സുരക്ഷാനിയമങ്ങൾ ദുരുപയോഗം ചെയ്യുന്നോ എന്ന ചർച്ചയാണ് സാമൂഹ്യ മാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഈയാഴ്ച നിറഞ്ഞുനിന്നത്. ഒരു എം.എൽ.എ യുടേയും ഒരു മാധ്യമപ്രവർത്തകന്റേയും അറസ്റ്റിനെ സംബന്ധിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും അഭിപ്രായങ്ങൾ പൊന്തിവരവെയാണ് വിവാഹിതരായ സ്ത്രീകൾ ഭർത്തൃവീട്ടുകാർക്കെതിരെ കളവായി പരാതികൾ നൽകുന്നുവെന്നും ഇതു തടുക്കുന്നതിലേയ്ക്കായി പുതിയ ചില നടപടിക്രമങ്ങൾ പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ടെന്നും സുപ്രീംകോടതി വിധിച്ചത്. സുപ്രീം കോടതിയുടെ പരാമർശം സ്ത്രീകൾ നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന വാദത്തിന് ആക്കം നൽകി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എന്താണ് സുപ്രീംകോടതിയുടെ നിരീക്ഷണമെന്നും പുതുതായി നിലവിൽ വരുന്ന നടപടിക്രമങ്ങളെന്നും വിശദമായി പരിശോധിക്കാം. ജസ്റ്റിസുമാരായ ആദർശ് കുമാർ, യു.യു.ലളിത് എന്നിവരടങ്ങുന്ന ബഞ്ച് മുൻപാകെ രാജേഷ് ശർമ്മ ഡ‌റ. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് എന്ന കേസ് പരിഗണനയ്ക്കു വന്നപ്പോഴാണ് രാജ്യത്തെങ്ങും ഇപ്പോൾ സജീവമായി ചർച്ച ചെയ്യുന്ന 20 പേജുള്ള വിധി ന്യായം ഈ വർഷം ജൂലൈ 27-നു സുപ്രീംകോടതി പുറപ്പെടുവിച്ചത്. ഹർജിക്കിടയാക്കിയ സാഹചര്യം വിധിന്യായത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

2012-ൽ വിവാഹിതനായ രാജേഷ് ശർമ്മയ്ക്കു ഭാര്യാ വീട്ടുകാർ തങ്ങൾക്കാവുന്ന വിധത്തിൽ സ്ത്രീധനം നൽകിയിരുന്നെങ്കിലും മൂന്നു ലക്ഷം രൂപയും ഒരു കാറും കൂടി വേണമെന്നാവശ്യപ്പെട്ട് രാജേഷ് ശർമ്മയും മാതാ പിതാക്കളും സഹോദരനും സഹോദരിയും ഭാര്യയെ ശാരീരിക അതിക്രമങ്ങൾക്കും മറ്റും ഇരയാക്കി. തുടർന്ന് 2013 - ൽ ഗർഭിണിയായ ഭാര്യയെ വീട്ടിൽ തിരിച്ചു കൊണ്ടാക്കി. കടുത്ത മാനസികാഘാതത്തിനാലും മറ്റും ഗർഭം അലസിപ്പോകാനുമിടയായി. ഈ വിവരങ്ങൾ കാണിച്ച് രാജേഷ് ശർമ്മയുടെ ഭാര്യ പോലീസിൽ പരാതി നൽകി. തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 എ, 323 വകുപ്പുകൾ പ്രകാരം രാജേഷ് ശർമ്മയ്ക്കും ബന്ധുക്കൾക്കുമെതിരെ പോലീസ് കേസെടുത്തു. പരാതി പരിശോധിച്ചു കീഴ്ക്കോടതി അതിക്രമങ്ങളെല്ലാം രാജേഷ് ശർമ്മ



മാത്രമാണ് നടത്തിയത് എന്ന നിഗമനത്തിലെത്തുകയും നടപടിക്രമങ്ങളിൽ നിന്നും രാജേഷിന്റെ ബന്ധുക്കളെ ഒഴിവാക്കുകയും ചെയ്തു ഇതു ചോദ്യം ചെയ്തു പരാതിക്കാരി ജില്ലാ കോടതിയെ സമീപിച്ചു. ജില്ലാ കോടതി, രാജേഷ് ശർമ്മ യുടെ ബന്ധുജനങ്ങളെ ഒഴിവാക്കിയ കീഴ്ക്കോടതി നടപടി ശരിയായില്ലെന്നും ബന്ധുക്കൾക്കെതിരെയും നിയമനനടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും ഉത്തരവിട്ടു. ഈ ഉത്തരവിനെതിരെ രാജേഷ് ശർമ്മയുടെ ബന്ധുക്കൾ ഹൈക്കോടതിയിൽ പരാതി നൽകി. ഹൈക്കോടതിയുടെ മീഡിയേഷൻ സെല്ലിൽ പരാതി ഒത്തുതീർപ്പാക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിഞ്ഞില്ല. തുടർന്ന് ഹൈക്കോടതി ഹർജിയും തള്ളി ഉത്തരവായി. ഇതിനെതിരെ നൽകിയ അപ്പീലാണ് സുപ്രീംകോടതിയുടെ രണ്ടംഗ ബഞ്ചിന്റെ പരിഗണനയ്ക്കു വന്നത്.

പരാതി കളവാണെന്നും ദാമ്പത്യ പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ അത് ഒത്തുതീർപ്പിൽ എത്തിക്കുന്നതിലേയ്ക്കായി ഭർത്താവിന്റെ കുടുംബാംഗങ്ങളെയെല്ലാം കേസിൽ ഉൾപ്പെടുത്തുന്ന പ്രവണത നിലവിലുണ്ടെന്നും അതിന്റെ ഭാഗമായാണ് നിരപരാധികളായ ബന്ധുജനങ്ങളെ കേസിലുൾപ്പെടുത്തിയിട്ടുള്ളതെന്നും ഹർജിക്കാർ വാദിച്ചു. ദൗർഭാഗ്യവശാൽ അഡീഷണൽ സോളിസിറ്റർ ജനറലായ നഡ്ക്കനിയും അമിക്കസ്ക്യൂറിയായി കോടതി നിയമിച്ച വി.വി.ഗിരിയും ഈ വാദഗതികൾ ശരിവച്ചു. ഈ വാദത്തിന് ഉപോൽബലകമായി ദേശീയ ക്രൈം റിക്കാഡ്സ് ബ്യൂറോയുടെ കണക്കുകൾ നിരത്തപ്പെട്ടു. 2005-ലെ കണക്കുകൾ പ്രകാരം 58,319 കേസുകൾ 498 എ പ്രകാരം രാജ്യത്തു രജിസ്റ്റർ ചെയ്യപ്പെട്ടതിൽ 6141 കേസുകൾ നിയമപരമായോ വസ്തുതാപരമായോ നിലനിൽക്കുന്നതായിരുന്നില്ല. 2009-ൽ 89,546 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതിൽ 8352 കേസുകൾ നിലനിൽക്കുന്നതായിരുന്നില്ല. 2013 തുടക്കത്തിൽ നിലവിലുണ്ടായിരുന്ന 4,66,079 കേസുകളിൽ 7258 കേസുകളിൽ മാത്രമേ ശിക്ഷയുണ്ടായുള്ളൂ. 38165 കേസുകളിൽ ആരും ശിക്ഷിക്കപ്പെട്ടില്ല. 8218 കേസുകൾ പിൻവലിക്കപ്പെട്ടു. അതായത് 15.6 ശതമാനം കേസുകളിൽ മാത്രമേ ശിക്ഷയുണ്ടായുള്ളൂ. ഈ കണക്കുകളിൽ നിന്നെല്ലാം സ്ത്രീകൾ കളവായി പരാതികൾ നൽകുന്ന സാഹചര്യം നിലനിൽക്കുന്നതായി ബോധ്യപ്പെടുന്നെന്നും പലപ്പോഴും നിസ്സാര പ്രശ്നങ്ങൾക്കുപോലും വരും വരായ്കകളെ



കുറിച്ചാലോചിക്കാതെ പെട്ടെന്നുള്ള ദേഷ്യത്തിൽ സ്ത്രീകൾ പരാതി നൽകാറുണ്ടെന്നും തുടർന്നുണ്ടാകുന്ന അറസ്റ്റും മറ്റും കുടുംബപ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാനുള്ള സാധ്യതകൾക്കു വിലങ്ങുതടിയാകുന്നുവെന്നും ഈ സാഹചര്യത്തിനു മാറ്റം ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും കോടതി നിരീക്ഷിച്ചു. ഇതിനായി നിലവിലെ നടപടിക്രമങ്ങളിൽ പുതുതായി വരുത്തേണ്ട മാറ്റങ്ങൾ വിധിന്യായത്തിൽ അഞ്ചുപേജുകളിലായി വിവരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ലീഗൽ സർവ്വീസസ് അതോറിറ്റി ഒരു മൂന്നംഗ 'ഫാമിലി വെൽഫയർ കമ്മിറ്റി' (കുടുംബ ക്ഷേമ കമ്മിറ്റി) രൂപീകരണം. സാമൂഹ്യ പ്രവർത്തകർ പാരാലീഗൽ വൊളന്റിയേഴ്സ്/വിരമിച്ച ഉദ്യോഗസ്ഥർ/ ജീവനക്കാരുടെ ഭാര്യമാർ എന്നിവരിൽ നിന്നും അനുയോജ്യരായവരെ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കാം. ഈ കമ്മിറ്റി ഇനി മുതൽ പോലീസിനും മജിസ്ട്രേറ്റിനും 498 എ പ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിച്ച്, ബന്ധപ്പെട്ട കക്ഷികളുടെ ഭാഗം കേട്ടു നിജസ്ഥിതി റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ അതത് അധികാര സ്ഥാനങ്ങൾക്കു നൽകണം. റിപ്പോർട്ട് ലഭിക്കുന്നതുവരെ അറസ്റ്റ് പോലുള്ള നടപടികൾ സ്വീകരിക്കാൻ പാടില്ല. എന്നാൽ, ശാരീരിക മുറിവുകളോ മരണമോ സംഭവിച്ചിട്ടുള്ള കേസുകൾക്കു പ്രസ്തുത നടപടിക്രമങ്ങൾ ബാധകമല്ലെന്നും വിധിയിൽ പറയുന്നു. സുപ്രീം കോടതിയുടെ വിധിയെ ഏറ്റവും പിന്തിരിപ്പൻ നടപടിയായാണ് രാജ്യത്തുടനീളമുള്ള സ്ത്രീ പ്രവർത്തകർ വിലയിരുത്തുന്നത്. വിധി അടിയന്തരമായി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ ചീഫ് ജസ്റ്റിസ് അടക്കമുള്ളവരെ സമീപിച്ചു കഴിഞ്ഞു.

## വിധി സ്ത്രീവിരുദ്ധമാകുന്നത് എങ്ങനെ

1983–ലാണ് ഇന്ത്യൻ ശിക്ഷാ നിയമത്തിൽ 498 എ വകുപ്പു കൂട്ടിച്ചേർക്കപ്പെട്ടത്. വിവാഹിതയായ ഒരു സ്ത്രീയെ ഭർത്താവോ ഭർത്താവിന്റെ വീട്ടുകാരോ അതിക്രമത്തിനിരയാക്കിയാൽ കുറ്റസ്ഥാനത്തിന്മേൽ മൂന്നു വർഷം വരെ തടവും പിഴയും പ്രതികൾ അനുഭവിക്കേണ്ടിവരുമെന്നാണ് ആ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഗാർഹിക അതിക്രമങ്ങൾ ഗൗരവകരമായ കുറ്റകൃത്യമാണെന്നു സമൂഹം തിരിച്ചറിയണമെന്ന ഉദ്ദേശ്യത്തോടെയാണ് മുൻചൊന്ന വകുപ്പ്



നിയമത്തിൽ ഉൾപ്പെടുത്താൻ സ്ത്രീ സംഘടനകൾ  അന്നു പരിശ്രമിച്ചതും അതിനായി പോരാടിയതും.  ഇത്തരം ശക്തമായ വ്യവസ്ഥ നിലനിന്നിട്ടും രാജ്യത്തു ഗാർഹിക  അതിക്രമങ്ങൾ കൂടിവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നതല്ലാതെ കുറയുന്നില്ല.  സർക്കാരിന്റെ കണക്കുകൾ പ്രകാരം പോലും അതായത് നാഷണൽ ഫാമിലി ഹെൽത്ത് സർവ്വെ - 3 പ്രകാരം വിവാഹിതരായവരിൽ മൂന്നിലൊന്നു സ്ത്രീകളും ക്രൂരമായ ഗാർഹിക  അതിക്രമങ്ങൾക്കു വിധേയമാകുന്നു. അവരെല്ലാം പരാതികളുമായി മുൻപോട്ടു പോകുന്നെങ്കിൽ രാജ്യത്തെ പോലീസ് സ്റ്റേഷനുകളും കോടതികളും കോടിക്കണക്കിനു പരാതികൾകൊണ്ടു നിറഞ്ഞേനെ.  കുടുംബത്തിന്റെ മാനം, കുട്ടികളുടെ ഭാവി തുടങ്ങിയവ ഓർത്ത് എത്ര ബുദ്ധിമുട്ടുകളുണ്ടായാലും സഹിച്ചും ക്ഷമിച്ചും കഴിയാനാണ് സ്ത്രീകൾ ശ്രമിക്കാറുള്ളത്.  സഹനത്തിന്റെ പരിധിക്കപ്പുറം കാര്യങ്ങൾ പോകുമ്പോൾ മാത്രമേ അവർ പരാതിപ്പെടാൻ തുനിയാറുള്ളൂ.  ഈ സാമൂഹിക യാഥാർത്ഥ്യത്തെ തിരിച്ചറിയാതെയാണ് വികാരവിക്ഷോഭത്തിനടിമപ്പെട്ടു സ്ത്രീകൾ പരാതികളുമായി പോലീസ് സ്റ്റേഷനിലേയ്ക്കോടുന്നുവെന്നും കളവായി പരാതികൾ നൽകുന്നുവെന്നും മറ്റും വിധിയിൽ പറഞ്ഞിട്ടുള്ളത്.  ഇന്ത്യൻ പീനൽക്കോഡിലെ മിക്കവാറും എല്ലാ വകുപ്പുകളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ദുരുപയോഗം ചെയ്യപ്പെടാറുണ്ട്.  കോടതിവിധിയിൽ പരാമർശിക്കുന്ന 2009 കാലഘട്ടത്തിൽത്തന്നെ ചതിയുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്ത കേസുകളിൽ 24.56 ശതമാനവും നിയമപരമായും വസ്തുതാപരമായും നിലനിൽക്കില്ലെന്നു കണ്ടെത്തി, വിശ്വാസവഞ്ചനയുമായി ബന്ധപ്പെട്ട് 12.83 ശതമാനം കേസുകളും നിലനിൽക്കില്ലെന്നു കണ്ടെത്തിയതായി ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾതന്നെ വ്യക്തമാക്കുന്നു.  എന്നാൽ, ഇക്കാലയളവിൽ 9.37 ശതമാനം 498 എ കേസുകൾ മാത്രമേ നിലനിൽക്കാത്തതായി കണ്ടുള്ളൂ.  എങ്കിലും ഈ വകുപ്പാണ് രാജ്യത്ത് ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യപ്പെടുന്നത് എന്നുള്ള വ്യാഖ്യാനങ്ങളും പ്രചരണങ്ങളും വസ്തുതാവിരുദ്ധവും പുരുഷ കേന്ദ്രീകൃതവുമാണ്.

ഈ വകുപ്പിൽ കൊഗ്നിസിബൾ വിഭാഗത്തിൽപ്പെട്ടതിനാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്താലുടൻ അറസ്റ്റ് വേണമെന്നുള്ളതു കൊണ്ട് കുടുംബപ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാനും മറ്റും ഭർത്തൃവീട്ടുകാർ നിർബന്ധിതമാകുന്ന സാഹചര്യം



ഇതുവരെ നിലനിന്നിരുന്നു. ഈ സാഹചര്യത്തെ മറികടക്കാനാണ് സ്ത്രീകൾ 498 എ വകുപ്പ് ദുരുപയോഗം ചെയ്യുന്നു എന്ന തരത്തിലുള്ള പ്രചരണം ഇന്ത്യയിൽ ചില 'പുരുഷ സംഘടനകൾ' വ്യാപകമായി അഴിച്ചുവിടുകയും ദൗർഭാഗ്യവശാൽ കോടതി അതേറ്റു പിടിക്കുകയും ചെയ്തത്.

നമ്മുടെ രാജ്യത്തു സ്ത്രീധന സമ്പ്രദായം പാടേ തുടച്ചുനീക്കപ്പെട്ടിട്ടുണ്ടെന്നും സ്ത്രീകൾ കുടുംബങ്ങളിൽ ചില പഴയകാല രാജ്ഞിമാരെപ്പോലെയാണ് ജീവിക്കുന്നതെന്നും അവർ ശാരീരിക-മാനസിക-ലൈംഗിക അതിക്രമങ്ങളൊന്നും നേരിടാതെ സമത്വസുന്ദരമായ ജീവിതമാണ് നയിക്കുന്നതെന്നുമുള്ള, യാഥാർത്ഥ്യങ്ങളുമായി പുലബന്ധമില്ലാത്ത ചിന്തയിൽ നിന്നുമാണ് ഈ വിധി പുറപ്പെടുവിച്ചിട്ടുള്ളത് എന്നു തോന്നുന്നു.

മൂന്നു പേരടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഇനി മുതൽ എല്ലാ 498 എ പരാതികളും പ്രാഥമികമായി പരിശോധിക്കേണ്ടത് എന്നാണ് വിധിയിൽ പറഞ്ഞിട്ടുള്ളത്. കുടുംബം മുൻപോട്ടു പോകണമെങ്കിൽ സ്ത്രീകൾ സഹിക്കുകയും ക്ഷമിക്കുകയും ചെയ്തേ പറ്റൂ എന്നു ശഠിക്കുന്ന നമ്മുടെ സമൂഹത്തിന്റെ പരിച്ഛേദങ്ങളായ മൂന്നു പേരെ താൻ എന്തുകൊണ്ടു കേസുമായി മുൻപോട്ടുപോകുന്നുവെന്നു ബോധ്യപ്പെടുത്താൻ ഒരു സ്ത്രീക്കു കഴിഞ്ഞാൽ മാത്രമേ കേസിന്റെ അടുത്ത ഘട്ടത്തിലേയ്ക്കു കടക്കാൻ കഴിയൂ എന്ന നിഷ്കർഷ സ്ത്രീകൾക്കു വലിയ തിരിച്ചടിയാകും. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ സ്ത്രീവിരുദ്ധമായ ഖാപ് പഞ്ചായത്ത് പ്രവർത്തിക്കുന്നതുപോലെ ഇത്തരം കമ്മിറ്റികൾ പ്രവർത്തിക്കാം.

പോലീസും കോടതിയും മാത്രമടങ്ങുന്ന നീതിനിർവ്വഹണ സംവിധാനത്തിലേയ്ക്കു (ക്രിമിനൽ ജസ്റ്റീസ് സിസ്റ്റം) ഒരു കൂട്ടം വ്യക്തികളെ ഔദ്യോഗികമായി കൈകടത്താൻ അനുവദിക്കുന്നത് ഇന്ത്യൻ നിയമവ്യവസ്ഥയ്ക്കുതന്നെ അപമാനമാണ്. ഇന്ത്യയിൽ സ്ത്രീകളുടെ അവകാശരംഗം സജീവമാക്കാൻ സുപ്രീംകോടതിയുടെ പല ഘട്ടങ്ങളിലുള്ള ഉത്തരവുകൾ വളരെയധികം സഹായിച്ചിട്ടുണ്ട്. ക്രിസ്ത്യൻ സ്ത്രീകൾക്കു സ്വത്തിൽ തുല്യാവകാശമുണ്ടെന്ന് ഊന്നിപ്പറഞ്ഞ മേരി റോയി കേസ്, മുസ്ലിം സ്ത്രീകൾക്കു ജീവനാംശത്തിനുള്ള അർഹത എടുത്തുപറഞ്ഞ ഷാബാനോ കേസ്,



ജോലിസ്ഥലത്തുനിന്നും നേരിടുന്ന ലൈംഗിക അതിക്രമങ്ങൾക്കു പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള  വിശാഖ കേസ് എന്നിവ അവയിൽ ചിലവയാണ്.

ഇത്തരം വിധികൾ സ്ത്രീകളുടെ ജിവീതത്തിൽ ഉണ്ടാക്കിയിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ വിവരാണാതീതമാണ്.  ഇതിനു തികച്ചും വിപരീതമായ സാഹചര്യങ്ങളാണ് ഇപ്പോഴത്തെ വിധി സൃഷ്ടിക്കാൻ പോകുന്നത്.

വിധിയെ തുടർന്നു സ്വീകരിച്ച നടപടികളും വിധി പ്രാവർത്തികമാക്കിയതിനുശേഷമുള്ള സ്ഥിതിവിശേഷവും ഉത്തരവിൽ എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമാണോ എന്നും മറ്റുമുള്ള ഒരു റിപ്പോർട്ട് നാഷണൽ ലീഗൽ സർവ്വീസ് അതോറിറ്റി 2018 ഏപ്രിലിൽ കേസ് അടുത്തതായി പരിഗണിക്കുമ്പോൾ നൽകണമെന്നു വിധിയിൽ പറയുന്നു.  അതുകൊണ്ടു തന്നെ ഈ വിധിയെ ഒരു അടഞ്ഞ അധ്യായമായി കാണാതെ കൂടുതൽ ആരോഗ്യപരമായ ഇടപെടലുകൾ മനുഷ്യസ്നേഹികൾക്കു നടത്താനുള്ള സാധ്യത ആവോളമുണ്ട്.

ലൈംഗിക അതിക്രമങ്ങളെ സംബന്ധിക്കുന്ന വ്യവസ്ഥകളാണെങ്കിലും ഗാർഹിക അതിക്രമങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളാണെങ്കിലും അതു പുരുഷവിരുദ്ധമായി മാത്രം കാണാൻ കഴിയുന്നതു പുരുഷന്മാർ സ്വയം പ്രതിസ്ഥാനത്ത് അവനവനെ പ്രതിഷ്ഠിക്കുമ്പോഴാണ്.  ഒരു അച്ഛനായും ഒരു സഹോദരനായും മറ്റും നിയമത്തെ സമീപിച്ചാൽ തന്റെ മകൾക്കും സഹോദരിക്കും കൂടുതൽ ഗുണം ചെയ്യുന്ന തരത്തിൽ നിയമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നേ ഏതൊരു പുരുഷനും പറയൂ.  ഈ നിയമങ്ങളൊന്നും പുരുഷന്മാരെ ഒന്നടങ്കം ജയിലിൽ കയറ്റിയിറക്കാൻ ഉദ്ദേശിച്ചുകൊണ്ടു നിർമ്മിച്ചിട്ടുള്ളവയല്ല.  മറിച്ച്, പണത്തിനും ലൈംഗിക ആഗ്രഹങ്ങൾ നിർവ്വഹിക്കുന്നതിനും മാത്രം മതി സ്ത്രീകൾ എന്നു കരുതുന്നവരെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.  അത്തരക്കാരെ നിയമത്തിന്റെ ചൂടറിയിക്കുന്നതിനും നീതി ബോധമുള്ളവരുമാക്കാനാണ്.

**മലയാളം**

**14 ആഗസ്റ്റ്, 2017**



# RAPE OF ARTICLE 370

**A.G. Noorani**

The Constitution (101st Amendment) Act, 2016, received the President's assent on September 8, 2016. Its 20 sections made elaborate provisions on the Goods and Services Tax (GST), amended a host of provisions of the Constitution and established a Goods and Services Tax Council. It did not apply to the State of Jammu and Kashmir. The Act had been under discussion for long. Kashmir did not lag behind. The subject has been debated since at least 2013. The sole issue was whether to acquiesce in yet another unconstitutional Order by the President under Article 370 of the Constitution or make a State law bringing the tax structure in line with the tax system all over India.

The Bharatiya Janata Party (BJP) government at the Centre wanted to impose the law by a Central fiat in collusion with the ever-compliant People's Democratic Party (PDP) in coalition with the BJP led by Mehbooba Mufti. The basic issue was Kashmir's autonomy.

It was not only the opposition parties, the National Conference (N.C.) and the State Congress, that opposed the Centre's plans. So did the Kashmir Traders and Manufacturers Federation (KTMF), the Kashmir Economic Alliance and the Kashmir Traders Federation. On July 1, they joined hands to observe a shutdown. The police detained scores of business leaders from a sit-down at Lal Chowk, Srinagar's business hub. So much for civil liberties in Kashmir. The Centre had fixed June 30 as the deadline for the GST rollout. Finance Minister Haseeb Drabu, the architect of the coalition in talks with the Rashtriya Swayamsewak Sangh (RSS)-BJP pointsman Ram Madhav, was in a frenzy in view of the public opinion in Kashmir. The BJP had given an ultimatum not later than July 6. By now the BJP had had the full measure of Drabu. On April 21 he flew to Jammu to present himself at the BJP's office at Trikuta Nagar and received a rebuff on coalition issues. He attended the midnight launch of the GST in the Central Hall of Parliament.

But since public opinion had to be placated, motions of consultation had to be gone through with an all-party consultative group and a special session of the State Legislature from July 6-8. Drabu even attended a meeting of the GST Council in New Delhi besides meeting Union Finance Minister Arun Jaitley. He assured all that the Assembly would enact the law by July 6. A charade



was enacted. The writer acknowledges here his debt to the excellent reportage in the Srinagar daily *Greater Kashmir from* which this resume is drawn.

**ASSEMBLY RESOLUTION**

The Resolution moved in the Assembly on July 4 read: ‘’This House resolves that the Government of Jammu and Kashmir *may* give consent to the adoption ofGST regime by application of relevant amendments made to the Constitution of India in a modified form to safeguard the existing constitutional position of J&K in the Union of India and the legislative powers under the Constitution of J&K.” It was passed on July 5.

On July 6, before the Assembly could vote on the government’s Bill, the President made the Order under Article 370. It had been prepared days earlier. Six pages long, it is the most elaborate Order made under Article 370 since 1954. On July 7, the Governor, N.N. Vohra, accorded his assent to the Jammu and Kashmir Goods and Services Tax Act, 2017, soon after it was passed by the Assembly and the Legislative Council. But Drabu did not inform the Assembly about the Order, as M.Y. Tarigami of the Communist Party of India (Marxist) pointed out before the Bill was put to vote in the Assembly.

An important point was made by a senior member of the N.C., Devender Singh Rana, on July 4. He proposed two models, the European Union (E.U.) model and the Quebec model, to provide an alternative GST framework for Jammu and Kashmir, which would protect the State’s special status. He said: “The solution to the issue is pending in the government files since 2013. A Committee constituted by the [Omar Abdullah] government that year had recommended implementation of GST regime similar to the E.U. model. We can also have the Quebec model [based on] the agreement between the Government of Canada and the Government of Quebec.”

The chair of that Committee was the Finance Member in the government, Abdul Rahim Rather, an able lawyer who is also skilled in matters of finance. On July 2 he said that the State was “constitutionally competent” to enact its own law on the GST. “We are not asking anything outside the Constitution.”

He reminded the government of its October 14,2016, Cabinet decision in which the PDP-BJP had, according to him, empowered the Finance Department to formulate and discuss



with New Delhi and the GST Council the modalities of extending the law to the State while keeping in view that Jammu and Kashmir's special constitutional power to tax remained intact. The Cabinet had then also decided to frame its own legislation in consultation with the Department, the Union Finance Ministry and legal experts. "What have they done since then? Did they talk to anybody or consult the Union Finance Ministry or legal experts... they haven't done anything till date." Drabu told the media that the government was likely to implement the GST from July 6. "What for are they holding the Assembly session now when they have already decided to implement the GST from July 6?" Rather asked.

**SURRENDER OF EXCLUSIVE POWERS**

Rebutting the assertion that the GST would not impact the State's special position, Rather said that under the new tax regime New Delhi *would be empowered to collect the sales tax though the GST, which was otherwise within the domain of the Jammu and Kashmir government.* "It will mean the surrender of exclusive powers enjoyed by Jammu and Kashmir to the Centre." According to him, when Drabu became the member of the GST empowered committee, he had, on the June 4,2015, meeting of the committee, said that the PDP-BJP government would go by the stand taken by him [Rather] on the GST.

My stand was that we should have our own law. Today he [Drabu] is saying that it isn't possible. Then what is possible.... They are not even talking about that as well, " To a question, Rather said if the Government of India had to listen to the BJP only, which is talking about implementation of the GST in Jammu and Kashmir in the present form, then, it was "unfortunate". "We are Indian like them. We have to find a solution."

The obstacle was the Centre's arrogant and ideologically driven anti-Kashmir attitude which Drabu faithfully accepted. Drabu said on July 5 that his government did not accept the Report of that committee. It was headed by the then Advocate General M. I.Qadri. It proposed a tax regime similar to the E. U. model as an alternative to the GST.

But Drabu's defence of the Bill in the Assembly was a giveaway. "I think we have been using it [Article 370] as an obstruction," he said on July 5. It is no mere coincidence that this is precisely the BJP's line on Article 370. Significantly, he added: "J&K has acceded to India and India has not acceded to Kashmir" and "out of 97 entries in the Union List 94 are applicable to



J&K”, implying that any further additions would not matter. In the same spirit of surrender, he said on July 7 citing Orders of1979 and 1989: “Now, what residuary powers are you talking of?” Why then did he himself flaunt Section 5 of the State’s Constitution as a guarantee of residuary powers?

Since 1954, abuse of Article 370 by the Centre in collusion with Chief Ministers elected through rigged elections has become the norm. A stop had to be put to that destructive process. Kashmiri opinion is far more alert and assertive than ever before.

Inconsistently enough, Drabu claimed, in the same breath, that the President’s Order of July 6 protected Article 370. Here comes this masterpiece of sheer deceit: “If any violation takes place on [sic] Section 5 of the Constitution of J&K on the State’s special position, I will not come back to this House.” Section 5 is a residuary power. Once the bulk is chipped away, as he himself admitted, what remained? Ninety-four of the 97 entries (of topics of legislation) in the Central List have been applied to Kashmir. On the irrelevance of Section 5, more later.

Drabu was performing to a score set in New Delhi. On July 1 the Minister of State in the Prime Minister’s Office, Jitendra Singh of the Jammu agitation fame, declared in Jammu that “the State government has no option but to implement the GST in J&K, and I assure you that it will be implemented in the State within one week. Why any special and separate blueprint for J&K regarding GST and why should there be any autonomy? Jammu and Kashmir is as much part of India as any other State of the country, like Punjab, Haryana or any other State.”

Jaitley had warned in May of “a scenario where Jammu will want to come into the GST regime while Kashmir will not”. This logic can be extended to other issues and to a breakup of Jammu and Kashmir. That was not the only threat. The PDP was warned of a breakup of the coalition if it did not play ball on the GST. That would leave Mehbooba, Drabu & Co. unprotected to the tender mercies of the people who hate them.

**S.P. MOOKERJEE’S PLANS FULFILLED**

However, Jaitley made a highly significant statement on July 6 which refutes Drabu’s claim that he has ensured that Article 370 is protected. Both cannot be right. The record shows that Jaitley is very right in his claims, and it exposes Drabu’s falsehoods. Here is that statement: “Jammu & Kashmir becoming a part of GST system was *politically* significant, as it signalled



integration of the State with the rest of the country." Jaitley said the GST *was the culmination of a process where Syama Prasad Mookerjee had spoken about complete integration of Jammu and Kashmir with India.* "That time, Mookerjee had started a campaign for complete integration of J&K in India. Another big move in this direction started yesterday when J&K Assembly passed a resolution to adopt GST. It has political significance".

The text of the President's Order under Article 370 proves Jaitley right and Drabu wrong. Consider the background. The Delhi Agreement of 1952 did not settle the issue of Jammu and Kashmir's financial integration with the Union. Nehru's Note of July 20, 1952, recording the discussions with Kashmir's delegation led by Sheikh Muhammad Abdullah, said: "The principle of financial integration was agreed to. The details would have to be worked out." Sheikh Saheb resisted it. Nehru himself in an earlier Note of July 3, setting out his plans, conceded that, *"It does not necessarily follow that the integration should be exactly of the kind we have got with other States."* Customs revenue was "the main source of income from Kashmir and if we take it, the whole State finances will collapse".

In his statement to Kashmir's Constituent Assembly on August 11, 1952, Sheikh Abdullah also said that "a detailed and objective examination of this subject would be necessary". It is significant that among the 10 topics he listed, the very first was retention of the State's "residuary powers"; that is, all powers which were not ceded to the Centre.

Mookerjee, who set up the Jana Sangh in 1951, launched an agitation in 1952 for the State's full integration. Nehru secured his plans by dismissing Sheikh Abdullah from office as Premier of Jammu and Kashmir on August 9, 1953, and imprisoning him for 11 years. On May 14,1954, came the "Major Order" under Article 370 on the federal setup. All the 47 Orders made subsequently are amendments to this Order.

Nehru succeeded in his designs. On November 27, 1963, he told the Lok Sabha that the State was "fully integrated" thanks to the "gradual erosion of Article 370". On December 4, 1963, Home Minister G.L. Nanda said Article 370 was "neither a wall nor a mountain but it is a tunnel. It is through this tunnel that a good deal of traffic has already passed and worse will". Ergo no need to abrogate it; rather use it to reduce Article 370 to a sham and render Kashmir's autonomy hollow. With the President's Order of July 6, 2017, that has come to pass, Mookerjee's



plans have been fulfilled thanks to a BJP regime at the Centre and in Kashmir, with the PDP as a submissive partner.

The very last Order under Article 370 was made 23 years ago. It is C.O. 154 by the President in 1994; by then militancy was in full swing and public opinion was wake and assertive. It was in the State's interest to ensure an end to the process that was blatantly unconstitutional. Article 370 is not on a par with other provisions of the Constitution adopted by the Constituent Assembly. The Assembly simply put its formal seal of approval or a draft negotiated for five whole months from May to October 1949. Both Vallabhbhai Patel and his Cabinet colleague Mookerjee were party to it. Patel negotiated it.

**NEED FOR CONCURRENCE**

Jammu and Kashmir acceded to India by the Maharaja's Instrument of Accession on October 26, 1947, in respect only of three subjects: defence, foreign affairs and communications. Article 370 "limited" the powers of Parliament to those three subjects. The President was empowered to make an order extending to Kashmir these three subjects and the federal structure in "consultation" with the State government. But its "concurrence" was required if additional subjects or other provisions of the constitution were to be applied to Kashmir. There was one overriding proviso. That concurrence was subject to ratification by the Constituent Assembly of Jammu and Kashmir (Article 370 [2]).

This was made clear beyond doubt by N. Gopalaswami Ayyangar, the mover of Article 370 in India's Constituent Assembly on October 17,1949. 'We have also agreed that the will of the people through the instrument of the Constituent Assembly will determine the Constitution of the State as well as the sphere of Union jurisdiction over the State .... You will remember that several of "these clauses provide for the concurrence of the Government of Jammu and Kashmir State. Now, these relate particularly to matters which are not mentioned in the Instrument of Accession, and it is one of our commitments to the people and Government of Kashmir that *no such additions should be made except with the consent of the ConstituentAssembly which may be called in the State for the purpose of framing its Constitution."*



In 1949, no one knew when Kashmir's Constituent Assembly would be elected. Ayyangar therefore said: "The idea is that even before the Constituent Assembly meets, it may be necessary ... that certain items which are not included in the Instrument of Accession would be appropriately added to that list in the Instrument... and as this may happen before the Constituent Assembly meets, *the only authority from whom we can get consent for the addition is the Government of the State."*

He explained: ''We are entangled with the United Nations in regard to Jammu and Kashmir and it is not possible to say now when we shall be free from this entanglement. *That can take place only when the Kashmir problem is satisfactorily settled ....*

"At present, the legislature which was known as the Praja Sabha in the State is dead. Neither that legislature nor a Constituent Assembly can be convoked or can function until complete peace comes to prevail in that State. We have therefore to deal with the Government of the State which, as represented in its Council of Ministers, reflects the opinion of the larger political party in the State."

Once Kashmir's Constituent Assembly was "convened" on October 31, 1951, the State government lost all authority to accord any "concurrence" to the Union. With the Assembly's dispersal on November 17, 1956, after adopting the Constitution of Jammu and Kashmir, vanished the only authority that alone could cede (i) more powers to the Union and (ii) accept Union institutions other than those specified in the Instrument of Accession. All additions to Union powers since then are unconstitutional. So is the Order of July 6,2017.

In fact, the abuse reduces Jammu and Kashmir to an inferior position. For, while in relation to other States, an amendment to the Constitution would require a two-thirds vote by both Houses of Parliament plus ratification by the States (Article 368), for Kashmir, mere executive orders by the President have sufficed since 1953 *and can continue until doomsday.* "Nowhere else, as far as I can see, is there any provision authorising the executive government to make amendments in the Constitution," President Rajendra Prasad pointed out to Prime Minister Nehru on September 6,1952. Is this the state of things we wish to perpetuate?



**INFERIOR STATUS VIS-A-VIS OTHER STATES**

To repeat, the State is put in a status inferior to that of other States. One illustration suffices to demonstrate this. Parliament had to amend the Constitution four times, by means of the 59th, 64th, 67th, and 68th Constitution amendments, to extend President's Rule imposed in Punjab on May 11,1987. For the State of Jammu and Kashmir, the same result was accomplished, from 1990 to 1996, by mere executive orders under Article 370.

Another gross case illustrates the capacity for abuse. On July 30, 1986, the President made an order under Article 370 extending to Kashmir Article 249 of the Constitution in order to empower Parliament to legislate even on a matter in the State List on the strength of Rajya Sabha resolution. "Concurrence" to this was given by the Centre's own appointee, Governor Jagmohan. G.A. Lone, a former Secretary, Law and Parliamentary Affairs, to the State Government described in *Kashmir Times* (April 20, 1995) how the "manipulation" was done "in a single day" against the Law Secretary's advice and "in the absence of a Council of Ministers".

Lone wrote: "As Secretary to Government, Law Department, it was stunning to discover that during his first stint as Governor in July 1986 when the State was put under Governor's rule, Mr Jagmohan by sheer manipulation got Article 249 of the Constitution applied to the State. The relevant record in the Law Department bears mute testimony to the fact how the then Secretary Law was made to change his stand on its application under the dictates of the Governor. The proposal itself was initiated on 30.7.1986 in an unprecedented manner on the basis of undisclosed press reports. About the proposal, the Law Secretary pointed out that the application of Article on the concurrence of the Governor acting without the aid and advice of the Council of Ministers is impermissible. The ink of this opinion may have hardly dried up when on the same hour of the day he was made to support the proposal facilitating the granting of the concurrence by the Governor to the application of the aforesaid Article to the State. The whole exercise was completed in a single day and reeks of intrigue to dilute the constitutional status of the State in a high-handed manner. It was indeed a grave constitutional impropriety not only because the manner and method employed in applying the constitutional provision was dubious but also because the Governor in the absence of a Council of Ministers is not competent to grant such concurrence and change the



constitutional framework. The concurrence granted was a clear breach and violation of Article 370 of the Constitution." *(Kashmir Times*, April 20, 1995). An Explanation in Article 370 itself defines the State government to mean its Council of Ministers.

Yet the President's Order of July 6 states explicitly that it is made "with the concurrence of the Government of the State of Jammu & Kashmir". It is, therefore, utterly invalid on the very face of it. The Assembly's Resolution purported to authorise it to accord its concurrence in quaint language ("may"). The Resolution has no legal effect. The Legislative Assembly is a creature of the State's Constituent Assembly. It cannot replace that body.

**EFFORT AT DECEPTION**

The Resolution was passed to pull the wool over the eyes of the people. A similar effort at deception is made in the manner in which the State government published the Order. Both the online text and the one published in *Greater Kashmir* of July 8 contain *identical* emphases; the former in bold lettering, the latter in red. It bears the impress of the smart alec of Kashmir, Shriman Haseeb A. Drabu; always too clever by half. The proper course was to publish a White Paper with a detailed official analysis.

